മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 മാർച്ച് 27**

---

## വരുമാന നികുതി ഏപ്രിൽ 15ന് മുൻപ് നൽകണം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പെൻഷനർമാരുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരുമാന നികുതി കണക്കാക്കുന്നതിനുള്ള ആൻറിസിപേറ്ററി കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെൻറ് ഫോറം സർവകലാശാല വെബ് സൈറ്റിലെ(www.mgu.ac.in) ഇശ്യൃരൗഹമൃ എന്ന ലിങ്കിലും പെൻഷനേഴ്സ് പോർട്ടലിലും ലഭിക്കും.

ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച ശേഷം 2024-25 വർഷത്തെ സേവിംഗ്സ് സംബന്ധമായ പ്രതീക്ഷിത കണക്കുകൾ സഹിതം രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686560 എന്ന വിലാസത്തിൽ ഏപ്രിൽ 15ന് മുൻപ് അയയ്ക്കണം.

(പി.ആർ.ഒ/39/232/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം വർഷ ബിഎസ്സി എംആർടി(2008 മുതൽ 2015 വരെ അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഏപ്രിൽ 15 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ഏപ്രിൽ 17 വരെ ഫൈനോടു കൂടിയും 19 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/233/2024)

## ടൈം ടേബിൾ പരിഷ്കരിച്ചു

ഏപ്രിൽ എട്ടിന് തുടങ്ങാനിരുന്ന മൂന്നാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി/എം.എ പ്രോഗ്രാംസ് (ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ ബേസിക് സയൻസ് - (സ്റ്റാറ്റിസ്റ്റിക്സ്, കെമിസ്ട്രി, ഫിസിക്സ്), ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് - (ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്, ഡേറ്റാ സയൻസ്), ഇൻറഗ്രേറ്റഡ് എം.എ ഇൻ ലാംഗ്വേജ് - ഇംഗ്ലീഷ് (2022 അഡ്മിഷൻ റെഗുലർ) പരീക്ഷകൾ ഏപ്രിൽ 12ന് തുടങ്ങുന്ന വിധം പുനഃക്രമീകരിച്ചു.  ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/234/2024)

## <u>പ്രാക്ടിക്കൽ</u>

ഒന്നാം സെമസ്റ്റർ എംഎസ്സി ബയോമെഡിക്കൽ ഇൻസ്ട്രുമെൻറേഷൻ(2023 അഡ്മിഷൻ റെഗുലർ, 2020-2022 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് - മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ രണ്ടിനു തുടങ്ങും.  ടൈം ടേബിൾ വെബ്സൈറ്റിൽ.
..........................................

ആറാം സെമസ്റ്റർ ബി.വോക് ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെൻറേഷൻ ആൻറ് ഓട്ടോമേഷൻ(2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം - ഫെബ്രുവരി 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ രണ്ടു മുതൽ മാറമ്പള്ളി എം.ഇ.എസ് കോളജിൽ നടക്കും.

(പി.ആർ.ഒ/39/235/2024)

## <u>പരീക്ഷാ ഫലം</u>

കഴിഞ്ഞ ഓഗസ്റ്റിൽ വിജ്ഞാപനം ചെയ്ത ആറാം സെമസ്റ്റർ ബിപിഇഎസ്(2020 അഡ്മിഷൻ റഗുലർ, 2016,2017,2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 12 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/236/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**